പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 61 — 28 - 05-2019-ൽ മറുപടിക്ക്.

**സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി**

ചോദ്യം
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി എപ്പോഴാണ് ആരംഭിച്ചതെന്നും ഇതിന്റെ കേന്ദ്രം എവിടെയാണെന്നും ഇത് കേരള സർക്കാരിന് കീഴിലുള്ള സ്ഥാപനമാണോ എന്നും വ്യക്തമാക്കാമോ; | (എ) | 15/12/1988-ലാണ് സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ തിരുവല്ലത്താണ് സി-ഡിറ്റിന്റെ ആസ്ഥാനം. കേരള സർക്കാരിന് കീഴിൽ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ് സി-ഡിറ്റ്. |
| (ബി) | സർക്കാരിനും സർക്കാരിതര സ്ഥാപനങ്ങൾക്കും ഈ സ്ഥാപനം നൽകി വരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കും വേണ്ടി വിവരസാങ്കേതിക വിദ്യ സേവനങ്ങൾ നൽകുന്ന പ്രൊജക്ടുകൾ നടപ്പിലാക്കുന്ന ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയി സി-ഡിറ്റ് പ്രവർത്തിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുന്നതിനുവേണ്ട പുതിയ സോഫ്റ്റ് വെയർ വികസിപ്പിക്കുന്ന പ്രവൃത്തി സി-ഡിറ്റ് മുഖേന നടപ്പിലാക്കി. സംസ്ഥാന ബിവറേജസ് കോർപ്പറേഷനുവേണ്ടി ഹോളോഗ്രാം ലേബൽ നിർമ്മിക്കുന്നതിന് സി-ഡിറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനുപുറമേ സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും സംസ്ഥാനത്തിനു പുറത്തുള്ള ഇന്ത്യൻ നേവി ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്കും അതീവ സുരക്ഷാ സർട്ടിഫിക്കറ്റുകളും ഐ.ഡി. കാർഡുകളും നിർമ്മിച്ച് നൽകുന്നതിനുള്ള സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനു വേണ്ടി ഓൺലൈൻ പരീക്ഷാ സോഫ്റ്റ് വെയറും ഡിസ്ക്രിപ്റ്റീവ് (എഴുത്തുപരീക്ഷയുടെ) മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സോഫ്റ്റ് വെയറും സി-ഡിറ്റ് വികസിപ്പിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനം നേരിട്ട വെള്ളപ്പൊക്കത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിച്ച് ഓൺലൈൻ സംഭാവനകൾ സ്വീകരിക്കുന്നതിന് donation.cmdrf പോർട്ടൽ സി-ഡിറ്റ് മുഖേന വികസിപ്പിച്ചിരുന്നു. സർക്കാരിതര ഏജൻസികൾക്കു വേണ്ടി വീഡിയോ ചിത്രനിർമ്മാണം സി-ഡിറ്റ് നടത്തി വരുന്നു. വിവിധ സ്ഥാപനങ്ങൾക്ക് വേണ്ടി കമ്മ്യൂണിക്കേഷൻ ക്യാമ്പയിനും സി-ഡിറ്റ് ഏറ്റെടുത്തു വരുന്നു. |
| (സി) | സി-ഡിറ്റ് (സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി) പൊതുമേഖലാ സ്ഥാപനമാണെങ്കിൽ ഇതിനെ ഒഴിവാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (സി.എം.ഡി.ആർ.എഫ് ) പോർട്ടൽ നടത്തിപ്പുൾപ്പെടെ സ്വകാര്യ കമ്പനിക്ക് പുറം കരാർ കൊടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പോർട്ടൽ നടത്തിപ്പ് സ്വകാര്യകമ്പനിക്ക് നൽകിയിട്ടില്ല. സി-ഡിറ്റിന് തന്നെയാണ് ഇതിന്റെ ചുമതല. സി.എം.ഡി.ആർ.എഫ് ൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ ഒരു ഭാഗം ജാവാ സാങ്കേതിക വിദ്യയിലുള്ളതാക്കി വികസിപ്പിക്കുന്നതിന് വേണ്ട സാങ്കേതിക സഹായം സി-ഡിറ്റ് മറ്റൊരു സ്ഥാപനവുമായി ചേർന്ന് ലഭ്യമാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. മൊത്തത്തിലുള്ള സോഫ്റ്റ് വെയറിന്റെ ഉടമസ്ഥതയും വിന്യാസവും നടത്തിപ്പും സി-ഡിറ്റിന് തന്നെയാണ്. |
| (ഡി) | സി-ഡിറ്റിനെ ഒവിവാക്കി ഏത് കമ്പനിക്കാണ് പുറം കരാർ നൽകിയതെന്നും ടെണ്ടർ ക്ഷണിച്ചിട്ടാണോ കരാർ നൽകിയതെന്നും എത്ര തുകയ്ക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ; ഏതെല്ലാം സംവിധാനങ്ങളിൽ നിന്നാണ് സി-ഡിറ്റിനെ ഒഴിവാക്കിയതെന്നും ഈ സംവിധാനങ്ങളത്രയും ഏതെല്ലാം കമ്പനികൾക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | | |
| (ഇ) | സി-ഡിറ്റിനെ മികവിന്റെ കേന്ദ്രമാക്കുമെന്ന് മുഖ്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോൾ ഏത് സമ്മേളനത്തിലായിരുന്നെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖ ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ ശ്രീ. കെ.സി. ജോസഫ് എം.എൽ.എ യുടെ സബ്മിഷന് മറുപടിയായിട്ടായിരുന്നു. |

സെക്ഷൻ ഓഫീസർ